പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 989

10/02/2016-ലെ മറുപടിയ്ക്ക്.

**റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടി**

| **ചോദ്യം**<br><br>**ശ്രീ. ഇ.കെ. വിജയൻ** | | **ഉത്തരം**<br><br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ മരുതോകര ഗ്രാമ പഞ്ചായത്തിലെ കോതോട് പട്ടികജാതി റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ മരുതോങ്കര മോഡൽ റസിഡൻഷ്യൽസ്കൂൾ കെട്ടിട നിർമ്മാണത്തിനായി 4425 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ കൺസ്ട്രക്ഷൻ വർക്കിന് മണ്ണ് പരിശോധനക്കായി 3 ലക്ഷം രൂപയും പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സോയിൽ ടെസ്റ്റിംഗിനും ഡിസൈനിങ്ങിനുമുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഫയലിൻമേലാണ് നടപടി സ്വീകരിച്ച് വരുന്നത്; | (ബി) | പട്ടിക ജാതി വികസന ഡയറക്ടറേറ്റിൽ എഡ്യൂ സി1-27497/08 എന്ന ഫയലിലാണ് മരുതോങ്കര എം. ആർ. എസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച് വരുന്നത്. |
| (സി) | റസിഡൻഷ്യൽസ്കൂൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശം നൽകാമോ? | (സി) | മരുതോങ്കരയിൽ എം.ആർ.എസ് സ്ഥാപിക്കുന്നതിന് 20.1.2014 ലെ സ.ഉ.(സാധാ) നം.98/2014/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.മരുതോങ്കോര എം.ആർ. എസ് കെട്ടിട നിർമ്മാണത്തിനായി 8.9.2015 ലെ സ.ഉ.(സാധാ) നം 1399/2015/പജപവവിവ പ്രകാരം 4425 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകുകയും 18.9.2015 ലെ എഡ്യൂ.സി1/27497/08 പ്രകാരം പൊതു മരാമത്ത് വകുപ്പിന് തുക അനുവദിച്ച് കൊണ്ട് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.) |

Sali K.J

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 98/2014/പജപവവിവ. തിരുവനന്തപുരം, തീയതി 20/01/2014

---

പരാമർശം:- 1. 14/06/2012 ലെ സ.ഉ(സാധാ)നം. 1616/2012/ത:സ്വ.ഭ.വ.
2. 19/10/2013, 24/12/2013 ലെ എഡ്യൂ.സി1-27497/08 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനായി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഉടമസ്ഥാവകാശം കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് മരുതോങ്കരയിലെ 10 ഏക്കർ സ്ഥലം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരം പട്ടികജാതി വികസന വകുപ്പിന് വിട്ടുകിട്ടിയ സ്ഥലം MRS സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്നും പ്രസ്തുത സ്ഥലത്ത് MRS സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്ന് കൈമാറിക്കിട്ടിയ മരുതോങ്കരയിലെ 10 ഏക്കർ സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. കുമാർ**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ് & ജി സെക്ടർ), ഇ & ആർ സെക്ടർ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

GOVERNMENT OF KERALA

**Abstract**

Scheduled Castes Scheduled Tribes Development Department- Construction of MRS Maruthonkara, Kozhikode - Administrative Sanction - Orders Issued.

---

**Scheduled Castes Scheduled Tribes Development (B) Department**

G.O.(Rt) No. 1399/2015/SCSTDD Dated, Thiruvananthapuram, 08/09/2015

---

Read:- 1) G.O(Rt) No. 98/2014/SCSTDD dtd: 20/01/2014
2) Decision No. 1 of the Special Working Group held on 23.07.2015.

**ORDER**

As per the Government Order read as 1st paper above Administrative Sanction was accorded for constructing an MRS at the land provided by the District Panchayat, Kozhikode at Maruthonkara. As per the estimate prepared by the Public Works Department at 2014 DSR the Director, Scheduled Caste Development Department submitted a proposal for Rs. 4425 lakhs for the consideration of the Special Working Group for the construction of MRS building at Maruthonkara.

The Special Working Group meeting held on 23.07.2015 considered the proposal and recommended for approving the same.

Government after examining the proposal and the recommendation of the Special Working Group are pleased to accord Administrative Sanction for the construction of the MRS at Maruthonkara, Kozhikode at an estimated of cost of for Rs. 4425 lakhs (Rs. Four thousand four hundred and twenty five lakhs) subject to the following conditions.

1. The fund release will be based on actual requirement and the fund released should not be parked in banks.
2. Store Purchase Rules shall be strictly adhered to.
3. Tender/e-tender and other stipulated formalities shall be followed wherever necessary.
4. For civil works CPWD rates shall be followed.

The expenditure will be met from the Provision available under the Head of Account 4225-01-800-89.

**(By the Order of the Governor)**
**DR. INDER JIT SINGH,**
**PRINCIPAL SECRETARY**

The Director Scheduled Castes Development Department, Thiruvananthapuram.
The Chief Engineer, PWD (Buildings), Thiruvananthapuram.
The Principal Accountant General (G&S Sector), Kerala,Thiruvananthapuram.
The Principal Accountant General (E&R Sector), Kerala, Thiruvananthapuram.
The Chief, Decentralised Planning Planning Board, Thiruvananthapuram.
Planning & Economic Affairs Department.
Finance (Planning -B) /(Edn-B/A) Department
The Information Officer, Web & New Media, I&PRD, Thiruvananthapuram. Department
TheStock File/Office Copy

Forwarded / By order
Sali KT
Section Officer

**copy to: PS to the Minister(Welfare of Schdeuled Castes, Backward Classes and Tourism)**
**PS to the Principal Secretary, SCDD**
**CA to the Additional Secretary, SCSTDD**

Sali KT
സെക്ഷൻ ഓഫീസർ

7

# പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ : കെ. ഗോപാലകൃഷ്ണ ഭട്ട്. ഐ.എ.എസ്.)

വിഷയം :- പട്ടികജാതി വികസനം മരുതോങ്കര MRS കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- (1) 14.06.2012 ലെ സ.ഉ (സാധാ) 1616/2012/പ. ജ. ക്ഷേ. വ
(2) 08.09.2015 ലെ ജി.ഒ (ആർ.റ്റി) നം. 1399/15

==================================================================

ഉത്തരവ് നമ്പർ: എഡ്യു.സി1 – 27497/08

==================================================================

തീയതി : 18.09.2015

കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ MRS നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിന്റെ 10 ഏക്കർ സ്ഥലം, ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ തന്നെ നിലനിർത്തി പരാമർശം (1) പ്രകാരം വകുപ്പിന് വിട്ടുകിട്ടിയിരുന്നു.

പ്രസ്തുത സ്ഥലത്ത് MRS കെട്ടിട നിർമ്മാണത്തിന് PWD കെട്ടിടവിഭാഗം 2014 DSR പ്രകാരം തയ്യാറാക്കിയ 4,425/- ലക്ഷം (നാലായിരത്തി നാനൂറ്റി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ MRS കെട്ടിട നിർമ്മാണത്തിനായി PWD – കെട്ടിട വിഭാഗത്തിന്റെ 4,425/- ലക്ഷം (നാലായിരത്തി നാനൂറ്റി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ഭരണാനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. യഥാർത്ഥ ആവശ്യത്തിനുള്ള ഫണ്ട് മാത്രമേ റിലീസ് ചെയ്യാൻ പാടുള്ളൂ.
2. ഫണ്ട് റിലീസ് ചെയ്ത് ബാങ്കിൽ സൂക്ഷിക്കുവാൻ പാടില്ല.
3. സ്റ്റോർസ് പർച്ചേസ് റൂൾസ് കർശനമായി പാലിച്ചിരിക്കണം.
4. ധനകാര്യ വകുപ്പ് നിഷ്കർഷിക്കുന്ന ടെണ്ടർ/ഇ- ടെണ്ടർ തുടങ്ങിയ നടപടി ക്രമങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.
5. സിവിൽ വർക്കുകൾക്ക് CPWD – റേറ്റ്സ് കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

മേൽ ഇനത്തിനുള്ള ചെലവ് നടപ്പു സാമ്പത്തിക വർഷത്തിലെ 4225-01-300-89 ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും വഹിക്കാവുന്നതാണ്. PWD എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, യു.സി. എ.ജി.യ്ക്ക് അയച്ച് പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ

ചീഫ് എഞ്ചിനീയർ
PWD – ബിൽഡിംഗ്സ്
തിരുവനന്തപുരം.

പകർപ്പ് :- (1) ജില്ലാ പട്ടികജാതി വികസന ഓഫീസർ, കോഴിക്കോട് (PWD യുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണം ത്വരിതപ്പെടുത്തുന്നതിന്)
(2) സീനിയർ സൂപ്രണ്ട്/ഹെഡ്മാസ്റ്റർ
ഉള്ളിയേരി – കോഴിക്കോട്
(3) ഫിൻ/പ്ലാനിംഗ്
(4) കരുതൽ

Sabu K.J
സെക്ഷൻ ഓഫീസർ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

പി.എൻ 22.9.15